**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3602 | 12.12.2014 ൽ മറുപടിയ്ക്ക് |
| **പുതുതായി അനുവദിച്ച അംഗൻവാടികൾ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.കെ.രാധാകൃഷ്ണൻ** | **ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതുതായി അംഗൻവാടികൾ എത്രയെണ്ണം അനുവദിച്ചിട്ടുണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 എണ്ണം അനുവദിക്കുകയും ചെയ്തു. ആയത് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത അംഗൻവാടികൾക്കും നിലവിലുള്ള അംഗൻവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം കേന്ദ്ര-സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്ന് പറയാമോ; | (ബി) പുതിയതായി അനുവദിച്ച അങ്കണവാടികൾക്കും നിലവിലുള്ള അങ്കണവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ ഈ വർഷം സംസ്ഥാന പദ്ധതിയിൽ 65.5249 കോടി രൂപയും കേന്ദ്ര പദ്ധതിയിൽ 22.2525 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. |
| (സി) ഇതിൽ അനുവദിച്ച തുക എത്രയാണെന്നും വിനിയോഗിച്ച തുക എത്രയാണെന്നും വിശദമാക്കാമോ? | (സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## അങ്കണവാടി കെട്ടിട നിർമ്മാണം

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| പ്ലാൻ ഫണ്ട് ഉപയോഗിച്ചുള്ള അങ്കണവാടി കെട്ടിട നിർമ്മാണം (ഒരു അങ്കണവാടിക്ക് 11,66,000/- രൂപ നിർമ്മാണ ചെലവിൽ | 11 കോടി | 5,94,66,000/- |
| മാതൃക അങ്കണവാടി കെട്ടിട നിർമ്മാണം (ഒരു അങ്കണവാടിക്ക് 23.75 ലക്ഷം നിരക്കിൽ | 54.5249 കോടി | 2,29,50,486 |
| കേന്ദ്ര സർക്കാർ പദ്ധതി പ്രകാരമുള്ള അങ്കണവാടി കെട്ടിട നിർമ്മാണം | 17.7525 കോടി | തുക വിനിയോഗിച്ചിട്ടില്ല. നടപടികൾ നടന്നു വരുന്നു. |

## അങ്കണവാടി അറ്റകുറ്റപ്പണി ചെയ്യുന്നതിന്

| പദ്ധതിയുടെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക |
|---|---|---|
| കേന്ദ്ര സർക്കാർ പദ്ധതി | 51.375 കോടി | തുക വിനിയോഗിച്ചിട്ടില്ല. ടി ശീർഷകത്തിൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ